**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2462** | **08.12.2015 ൽ മറുപടിയ്ക്ക്**

## ജോബ് ഫെസ്റ്റ്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. ഹൈബി ഈഡൻ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജനങ്ങൾക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; | എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം,വയനാട്, എറണാകുളം, ആലപ്പുഴ കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കേരളത്തിലെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ഐ.റ്റി മേഖലകളിലേയും മറ്റ് വിവിധ മേഖലകളിലേയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഇതിനായി മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ , ബിഗ് ലീപ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ എന്നിവരുമായി ചേർന്ന് ജോബ്ഫെസ്റ്റുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>I) തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്ററിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകിയിട്ടുണ്ട്.<br><br>ii) വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്ററിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>iii) എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ യോഗ്യത നേടുകയും 225 പേർക്ക് |

Spot Job Offering Letter നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

iv) ആലപ്പുഴ ജില്ലയിൽ 2013 ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 364 പേർ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. 2014 ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 4943 പേർ രജിസ്റ്റർ ചെയ്യുകയും 261 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

v) കോട്ടയം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 7000 പേർ രജിസ്റ്റർ ചെയ്യുകയും 1500 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

vi) മലപ്പുറം ജില്ലയിൽ 2014 ൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 4200 പേർ പങ്കെടുക്കുകയും 220 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. 2015 ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 5200 പേർ പങ്കെടുക്കുകയും 660 പേർക്ക് തൊഴിൽ ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി) 2015-16 സാമ്പത്തിക വർഷത്തിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിനായി 5 ലക്ഷം രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ